ജൈവവളങ്ങളുടെ പരിശോധനയ്ക്കുള്ള സൗകര്യം കേരള കാർഷിക സർവ്വകലാശാല, സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിലവിലുണ്ട്. ജൈവകീടനാശിനികളുടെ വിഭാഗത്തിൽപ്പെടുന്ന അസാഡിറാക്ടിൻ ഒഴികെയുള്ള കീടനാശിനികളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിംഗ് (RCOF)-ൽ അയച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. അസാഡിറാക്ടിൻ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ചുവരുന്നു. കേരളത്തിൽ കാർഷിക സർവ്വകലാശാലയിൽ ഇവ പരിശോധിക്കുന്നുണ്ട്.

ഗോസുരക്ഷാ പദ്ധതി

5 (*425) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോസുരക്ഷാ പദ്ധതി ഇപ്പോൾ തുടരുന്നുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) 2014 മാർച്ചിനുശേഷം ഗോസുരക്ഷാ പദ്ധതിയിൽ കർഷകരുടെ വിഹിതം നൽകി അപേക്ഷ നൽകിയവർക്ക് സർക്കാർ വിഹിതം നൽകിയിട്ടില്ല എന്ന കാരണത്താൽ ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനും സർക്കാർ ഇൻഷ്വറൻസ് വിഹിതം അടയ്ക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) തുടരുന്നില്ല.

(ബി) ഇല്ല.

(സി) പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള Rs. 209.50 ലക്ഷത്തിൽ ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതിക്കായി ലഭിക്കുന്ന തുക ഉപയോഗിച്ച് സർക്കാർ വിഹിതം അടച്ച് പദ്ധതി പുനഃസ്ഥാപിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly